**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1943** — **4/10/2011 ൽ മറുപടിക്ക്**

**നഗരവികസനത്തിന്റെ ഭാഗമായി ഹൗസിംഗ് പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.റ്റി.എൻ പ്രതാപൻ:<br>ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.പാലോട് രവി:<br>ശ്രീ.അൻവർ സാദത്ത്: | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നഗരവികസനത്തിന്റെ ഭാഗമായുള്ള ഹൗസിംഗ് പദ്ധതിക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) സംസ്ഥാനത്ത് നഗരസവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പാർപ്പിട വികസന പദ്ധതിയാണ് 'രാജീവ് ആവാസ് യോജന'. ഇതിന്റെ നടത്തിപ്പ് ചുമതലകൾക്കായി കുടുംബശ്രീ മിഷനെ സംസ്ഥാന നോഡൽ ഏജൻസിയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2010 വർഷത്തിൽ 526.62 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ആദ്യഗഡുവായി 263.31 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 5 കോർപ്പറേഷനുകളിൽ നിന്നും എൻ.ആർ.വൈ പദ്ധതിയിലുൾപ്പെടുന്ന ചേരികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് പുറമേ നിന്നുള്ള ഏജൻസിയെ കൊണ്ട് സാങ്കേതിക പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും അത് നടന്നു വരികയും ചെയ്യുന്നു. |
| (ബി) നഗരങ്ങളിലെ ചേരികളുടെ നിശ്ചിത ശതമാനം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് നീക്കി വയ്ക്കാൻ നടപടി സ്വീകരിക്കുമോ; | (ബി & സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (സി) ഈ പദ്ധതിയുടെ നടത്തിപ്പിന് നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | |
| (ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇതു സംബന്ധിച്ച നിയമങ്ങൾ നിലവിലുള്ളതെന്നറിയാമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) ഇത് സംബന്ധിച്ച് വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ